KSITIL
Kerala State IT Infrastructure Ltd

## ലേല പരസ്യം

തിരുവനന്തപുരം ജില്ലയിൽ സ്പേസ് പാർക്ക് നിർമാണത്തിനായി ലഭിച്ചിട്ടുള്ള വെയിലൂർ വില്ലജ് ബ്ലോക്ക് നമ്പർ 18893 ,19255 പെട്ട 3.06 ഏക്കർ സ്ഥലത്തെ മരങ്ങൾ മുറിച്ചു നീക്കുന്നതിന് തിരുവനന്തപുരം ജില്ലാ സോഷ്യൽ ഫോറെസ്റ് റേഞ്ച് ഓഫീസിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. മേൽ പറഞ്ഞ ബ്ലോക്ക് നമ്പറിൽ പെട്ട മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഉള്ള ലേലം 2025 ജൂൺ മാസം 4 ആം തിയതി രാവിലെ 11.30 ന് പ്രസ്തുത സ്ഥലത്തു വെച്ച് നടത്തപെടുന്നതാണ്.

| ക്രമ നമ്പർ | മരങ്ങൾ | എണ്ണം |
|---|---|---|
| 1 | കശുമാവ് | 2 |
| 2 | ഉലട്ടി | 3 |
| 3 | പ്ലാവ് | 3 |
| 4 | ആഞ്ഞിലി | 50 |
| 5 | തെങ്ങ് | 147 |
| 6 | അക്കേഷ്യ | 18 |
| 7 | റബ്ബർ | 11 |
| 8 | കവുങ്ങ് | 41 |
| 9 | മഞ്ചാടി | 2 |
| 10 | വട്ട | 14 |
| 11 | മാവ് | 2 |
| 12 | അലസിപ്പൂമരം | 1 |
| 13 | ഉറക്കംതൂങ്ങി | 6 |
| 14 | കണിക്കൊന്ന | 6 |
| 15 | ഉദി | 2 |
| 16 | മട്ടിപ്പൊങ്ങില്യം | 3 |
| 17 | കാട്ടു കൊന്ന | 4 |
| 18 | ബദാം | 2 |

ടി ലേലത്തിൽ പങ്കുമെടുക്കുവാൻ താല്പര്യപെടുന്നവർ ലേല ദിവസം രാവിലെ 11 .00 ന് മുൻപായി നിരതദ്രവ്യമായ Rs 5000/- ലേലസ്ഥലത്തു അടച്ചു രസിഹ്ത് കൈപ്പറ്റാണ്ടതാണ്.

ലേലം താത്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേലത്തുകയുടെ പകുതിയും ( നിരതദ്രവ്യം കഴിച് ) 18 % gst യും ഉൾപ്പടെ മുഴുവൻ തുകയുടെ നികുതിയും അടച്ചു രസീത് വാങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 7 ദിവസത്തിനു ഉള്ളിൽ അടക്കേണ്ടതുമാണ്. ലേലം കൊള്ളുന്ന വ്യക്തി നിരതദ്രവ്യം കീഴിച ലേലസംഖ്യയും ലേലത്തുകയുടെ 5 % വനവികസിത നികുതിയും വനവികസിതനികുതിയുടെ ലേലത്തുകയുടേയും 18% GST യും മറ്റു നിയമാനുസൃത നികുതിയും (FDT 5%, GST 18%, IT 2.5%) (IT=Timber Value+GST+FDT*2.5/100) അടക്കേണ്ടതാണ്.

KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED
1st FLOOR, SANKETHIKA, PF ROAD, PATTOM PALACE P.O.
Thiruvananthapuram 695004

ഈ കാര്യാലയത്തിൽ നിന്നും ലേലം സ്ഥിരപ്പെടുത്തികൊണ്ടുള്ള ഉത്തരവ് കിട്ടിയശേഷം 15 ദിവസത്തിനുള്ളിൽ ലേലം കൊണ്ടയാൾ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ടി മരങ്ങൾ മുറിച്ചുകൊണ്ട് പോകേണ്ടതും, മറ്റ് മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതുമാണ്, അങ്ങനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതായിരിക്കും. ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ ലേലം കൊണ്ടായാൾ നിരതദ്രവ്യം ഉൾപ്പെടെ അതുവരെ അടച്ച തുക മുഴുവനും സർക്കാരിലേക്ക് മുതൽകൂട്ടുന്നതും, ടി മരങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും, അപ്രകാരം നടത്തുന്ന പുനർ ലേലത്തിലേക്ക് സർക്കാരിനുണ്ടായേക്കാവുന്ന നഷ്ടം മുൻ ലേല കരാറുകാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലേല തുക ലഭിക്കുകയാണെങ്കിൽ ടി അധിക തുകയിൽ മുൻ ലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേലദിവസത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11 നും വൈകീട്ട് 4 നും ഇടയിലുള്ള സമയങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ (Manager, Kerala State IT Infrastructure Ltd, മൊബൈൽ: 8547143201) ലേലം ചെയ്യാനുള്ള മരങ്ങൾ പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനും സ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം KSITIL **മേധാവിയിൽ** നിക്ഷിപ്തമായിരിക്കും. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കും

KERALA STATE INFORMATION TECHNOLOGY INFRASTRUCTURE LIMITED
1st FLOOR, SANKETHIKA, PT ROAD PATTOM PALACE PO
Thiruvananthapuram
695004